പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2087** — **11.02.2020-ൽ മറുപടിക്ക്**

## കൊറോണ വൈറസ് രോഗം

**ചോദ്യം**

**ശ്രീ.സണ്ണി ജോസഫ്**
**,, കെ.സി.ജോസഫ്**
**,, എൽദോസ് പി. കുന്നപ്പിള്ളിൽ**
**,, അനൂപ് ജേക്കബ്**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| **എ)** വിദ്യാഭ്യാസ കാര്യങ്ങൾക്കായി സംസ്ഥാനത്ത് നിന്നുള്ള അനേകം കുട്ടികൾ കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ട ചൈനയിൽ നിൽക്കുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ടോ; | **എ)** ഉണ്ട്. |
| **ബി)** ഇതിനകം ചൈനയിൽ നിന്നും മടങ്ങിയെത്തിയ എത്രപേർ ആശുപത്രികളിലും വീടുകളിലുമായി നിരീക്ഷണത്തിലാണ്; | **ബി)** 9.2.2020-ലെ സ്ഥിതിവിവരകണക്ക് പ്രകാരം കൊറോണ രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയ 3218 പേർ വീടുകളിലും 34 പേർ ആശുപത്രികളിലും ആയി ആകെ 3252 പേർ നിരീക്ഷണത്തിലാണ്. |
| **സി)** സംസ്ഥാനത്ത് നിപ്പ വൈറസ് ബാധയുണ്ടായപ്പോൾ അത് പടർന്ന് പിടിക്കാതിരിക്കുവാൻ സ്വീകരിച്ച മുൻകരുതലുകൾ ഇക്കാര്യത്തിലും സ്വീകരിച്ചിട്ടുണ്ടോ; | **സി)** നിപ വൈറസ് ബാധ നിയന്ത്രണ വിധേയമാക്കിയ അനുഭവത്തിന്റെ വെളിച്ചത്തിൽ കൊറോണ രോഗബാധയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു. |
| **ഡി)** ഈ രോഗബാധമൂലം സംസ്ഥാനത്തെ ജനങ്ങളിലുണ്ടായിട്ടുള്ള ഭീതി അകറ്റുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് ആരോഗ്യവകുപ്പ് നൽകിയിട്ടുള്ളത്; | **ഡി)** ചൈനയിൽ ഈ രോഗം സ്ഥിരീകരിച്ചത് അറിഞ്ഞ ഉടൻ സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേന (RRT) പ്രത്യേകയോഗം ചേരുകയും, ലോകാരോഗ്യസംഘടനയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. സംസ്ഥാന-ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ തുറന്നു. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവരേയും അവരോട് സമ്പർക്കമുണ്ടായവരേയും വീടുകളിലും ആശുപത്രികളിലും പ്രത്യേകം പാർപ്പിച്ച് നിരീക്ഷിക്കുകയും ചെയ്തു വരുന്നു. രോഗനിരീക്ഷണം, ചികിത്സ, സ്ഥിരീകരണം, പ്രതിരോധം, ബോധവത്കരണം മുതലായ പ്രവർത്തനങ്ങൾ അതീവ ജാഗ്രതയോടെ നടത്തി വരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലും, ജില്ല, ജനറൽ ആശുപത്രികളിലും പ്രത്യേകം |

ഐസൊലേഷൻ വാർഡുകൾ സജ്ജീകരിച്ചു. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർക്കാവശ്യമായ ചികിത്സ നൽകിവരുന്നു.

കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും, മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം നവമാധ്യമങ്ങൾ വഴിയും, വിവിധ പത്ര-ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയം ദൂരീകരിക്കുന്നതിനായി "ദിശ" ഉൾപ്പെടെ സംസ്ഥാന - ജില്ലാതലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ സജ്ജീകരിച്ചു.

രോഗലക്ഷണങ്ങൾ ഉള്ളവരും ഇല്ലാത്തവരും പാലിക്കേണ്ട ശുചിത്വം, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ വെബ് സൈറ്റിലൂടെയും പ്രാഥമികാരോഗ്യ-കേന്ദ്രങ്ങൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു.

തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും യഥാർത്ഥ വസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

**ഇ)** സംസ്ഥാനത്തെ എല്ലാ പ്രധാന ആശുപത്രികളിലും ഇത്തരം പകർച്ചവ്യാധികൾ പടരാതിരിക്കുവാൻ ക്വാറന്റൈൻ സംവിധാനം സ്ഥിരമായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഇ)** അംഗീകൃത മാർഗ്ഗ രേഖകൾ അനുസരിച്ച് കൊറോണ വൈറസ് രോഗത്തിനെതിരെ വീടുകളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും, 'ക്വാറന്റൈൻ' സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട് രോഗം പകരുന്ന രീതിയും, രോഗികളുടെ എണ്ണവും അടിസ്ഥാനപ്പെടുത്തിയാണ് ക്വാറന്റൈൻ സംവിധാനം ഏർപ്പെടുത്തുന്നത്. ആയതിനാൽ ആവശ്യകത അനുസരിച്ചാണ് പകർച്ചവ്യാധികൾ തടയുന്നതിന് ക്വാറന്റൈൻ സംവിധാനം ആശുപത്രികളിൽ സജ്ജീകരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**